ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 02.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയതോടെ രാജ്യത്ത് നീതിന്യായ വ്യവസ്ഥയുടെ നവ യുഗത്തിന് തുടക്കമായതായി രാഷ്ട്രപതി ദ്രൗപദി മുർമു.

With the implementation of three new criminal laws, a new era of the justice system had begun in the country, says President Droupadi Murmu.

2.) വയനാട് ഉരുൾപൊട്ടൽ ബാധിതമേഖലയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ ഇന്നും ഊർജിത തിരച്ചിൽ; നാടിന് പ്രത്യാശ നൽകി സൈന്യം നാല് പേരെ രക്ഷപെടുത്തി.

Army intensifies search in landslide-affected areas of Wayanad; In a hopeful development, Army rescued four people today.

3.) വയനാട്ടിലെ ദുരന്ത ബാധിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായം തുടരുന്നു; ദുരന്തബാധിതർക്ക് കോൺഗ്രസ് നൂറിലധികം വീടുകൾ നിർമ്മിച്ച് നൽകുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

Aid continues to Chief Minister's relief fund for disaster victims in Wayanad; Congress to build over 100 houses in landslide-hit Wayanad, announces Leader of the Opposition in the Lok Sabha, Rahul Gandhi.

4.) **പാരീസ് ഒളിമ്പിക്സ് ഷൂട്ടിങ്ങിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ ഫൈനൽ യോഗ്യത നേടി മനു ഭാക്കർ; അമ്പെയ്ത്ത് മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ അങ്കിത - ധീരജ് സഖ്യം ക്വാർട്ടർ ഫൈനലിൽ.**

**Manu Bhaker qualifies for women's 25m pistol final at Paris Olympics shooting; India's Ankita-Dheeraj reach quarter-finals of archery mixed doubles.**

5.) **ഇസ്രായേൽ - ഇറാൻ സംഘർഷ സാധ്യത കണക്കിലെടുത്ത് ടെൽ അവീവിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി എയർ ഇന്ത്യ.**

**Air India cancels flights to Tel Aviv amid Israel-Iran tensions.**

*************************

## GOVERNORS CONFERENCE (INTRO)

പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയതോടെ രാജ്യത്ത് നീതിന്യായ വ്യവസ്ഥയുടെ നവ യുഗത്തിന് തുടക്കമായെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിൽ നടക്കുന്ന ഗവർണർമാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീമതി മുർമു. രാഷ്ട്രപതി ഭവനിൽ നടക്കുന്ന രണ്ടു ദിവസത്തെ സമ്മേളനത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും ഗവർണർമാർ പങ്കെടുക്കുന്നുണ്ട്. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും സമ്മേളനത്തെ അഭിസംബോധന ചെയ്യു. വിശദാംശങ്ങളിലേക്ക്........

( വോയിസ് )

*ജനാധിപത്യത്തിൻറെ സുഗമമായ പ്രവർത്തനത്തിന്, കേന്ദ്ര ഏജൻസികളും സംസ്ഥാനങ്ങളും മികച്ച ഏകോപനത്തോടെ പ്രവർത്തിക്കണമെന്ന് രാഷ്ട്രപതി പറഞ്ഞു. സംസ്ഥാനങ്ങളിലെ ഭരണഘടനാ തലവന്മാരായ ഗവർണർമാർ ഈ ഏകോപനം പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കണമെന്ന് ശ്രീമതി മുർമു വ്യക്തമാക്കി. സർവ്വകലാശാലകളുടെ ചാൻസലർ എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ പരിഷ്കരണങ്ങൾക്ക് സംഭാവന നൽകണമെന്നും രാഷ്ട്രപതി ഗവർണർമാരോട് അഭ്യർത്ഥിച്ചു. രാജ്യത്തെ ക്ഷേമ പദ്ധതികളെക്കുറിച്ചും വികസനത്തെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കാനുള്ള ഗവർണർമാരുടെ*

*ഭരണഘടനാപരമായ ഉത്തരവാദിത്തം കൃത്യമായി നിർവഹിക്കണമെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ പറഞ്ഞു. ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്ന് കൊണ്ട് ജനക്ഷേമത്തിൽ നിർണായക പങ്ക് വഹിക്കാൻ കഴിയുന്ന സുപ്രധാന പദവിയാണ് ഗവർണറുടേതെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം ഫലപ്രദമായി നിലനിർത്താൻ ഗവർണ്ണർമാർക്ക് കഴിയണമെന്നും ശ്രീ മോദി പറഞ്ഞു.*

ന്യൂസ്ഡെസ്ക് ആകാശവാണി.......

*************************

## ICAE

അന്താരാഷ്ട്ര കാർഷിക സാമ്പത്തിക വിദഗ്ധരുടെ 32-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. 65 വർഷത്തിന് ശേഷമാണ് ഇന്ത്യയിൽ I C A E യുടെ സമ്മേളനം നടക്കുന്നത്. "സുസ്ഥിര കാർഷിക ഭക്ഷ്യ സംവിധാനങ്ങളിലേക്കുള്ള പരിവർത്തനം" എന്നതാണ് ഈ വർഷത്തെ പ്രമേയം. അന്താരാഷ്ട്ര കാർഷിക സാമ്പത്തിക വിദഗ്ധരുടെ കൂട്ടായ്മയാണ് ഈ മാസം 7 വരെ നീളുന്ന സമ്മേളനം സംഘടിപ്പിക്കുന്നത്. 75 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

*************************

## WAYANAD LANDSLIDE

വയനാട് ഉരുൾപൊട്ടൽ ബാധിതമേഖലയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ ഇന്നും ഊർജിത തിരച്ചിൽ. പടവെട്ടിക്കുന്നിൽ നിന്ന് നാല് പേരെ സൈന്യത്തിന് രക്ഷപെടുത്താനായത് നാടിനും രക്ഷാപ്രവർത്തകർക്കും പ്രത്യാശ നൽകിയിരിക്കുകയാണ്. ആയിരത്തി മുന്നൂറിലേറെ പേർ രക്ഷാ ദൗത്യത്തിൽ പങ്കെടുക്കുന്നുണ്ട്. റഡാർ, തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധനയാണ് ഇന്ന് നടന്നത്. കഡാവർ നായകളും തിരച്ചിലിന് സഹായിക്കുന്നുണ്ട്. മലപ്പുറത്തെ ചാലിയാറിലും തെരച്ചിൽ തുടരുന്നുണ്ട്. അതിനിടെ തൃക്കരിപ്പേട്ട വെള്ളാർമല കോട്ടപ്പടി പഞ്ചായത്തുകളും മേപ്പാടി

ഗ്രാമപഞ്ചായത്തും സംസ്ഥാന സർക്കാർ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചു. ലോൺ മൊറട്ടോറിയം, ഇൻഷുറൻസ് ക്ലെയിമുകൾ, ദുരിതാശ്വാസ പുനർനിർമ്മാണ സഹായങ്ങൾ തുടങ്ങിയവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് നടപടി.

*************************

## WAYANAD LANDSLIDE 2

ഉരുൾപൊട്ടൽ ദുരന്തത്തിൽ മരണസംഖ്യ 300 കടന്നതായി റിപ്പോർട്ടുകൾ. 210 പേർ മരിച്ചതായി സംസ്ഥാന സർക്കാർ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇന്ന് നടന്ന തിരച്ചിലിൽ 14 മൃതദേഹങ്ങൾ കൂടി കണ്ടെത്തിയിരുന്നു. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. വയനാട് ജില്ലയിലെ 91 ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ പതിനായിരത്തോളം പേരാണ് കഴിയുന്നത്.

*************************

## CM - KERALA FUND

വയനാട്ടിലെ ദുരന്ത ബാധിതർക്കുള്ള സഹായമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത് തുടരുകയാണ്.

*************************

## RAHUL GANDHI

വയനാട്ടിലെ ദുരിതബാധിതർക്ക് കോൺഗ്രസ് 100 ലധികം വീടുകൾ നിർമിച്ചു നൽകുമെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. കേരളം ഇതുവരെ കാണാത്ത ദുരന്തമാണ് ഉണ്ടായതെന്നും അടിയന്തര ഇടപെടലുകൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി. ഉരുൾപൊട്ടൽ ഉണ്ടായ മുണ്ടക്കൈ, പുഞ്ചിരിവട്ടം പ്രദേശങ്ങൾ ശ്രീ രാഹുൽ ഗാന്ധി സന്ദർശിച്ചു. കോൺഗ്രസ് നേതാക്കളായ

കെ.സി. വേണുഗോപാൽ പ്രിയങ്ക ഗാന്ധി എന്നിവരും ഒപ്പമുണ്ടായിരുന്നു.

*************************

## M V Govindan

കേരളത്തിന്റെ മാനവികതയും സാമൂഹ്യ ബോധവും ഉയർത്തിപ്പിടിച്ച ഇടപെടൽ ആണ് വയനാട് രക്ഷാപ്രവർത്തനത്തിൽ ഉണ്ടായതെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സുതാര്യമാണെന്നും ദുരിതാശ്വാസ നിധിയിലേക്ക് സിപിഐ എം 25 ലക്ഷം രൂപ നൽകുമെന്നും അദ്ദേഹം അറിയിച്ചു.

*************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ മാറി താമസിക്കണമെന്നും നിർദ്ദേശമുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി. കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ തീരദേശവാസികൾ ജാഗ്രത പുലർത്തണം.

*************************

## UTTARAKHAND- KEDARNATH

മണ്ണിടിച്ചിലുണ്ടായ ഉത്തരാഖണ്ഡിൽ രക്ഷാദൗത്യം പുരോഗമിക്കുന്നു. കേദാർനാഥിൽ നിന്നും ഇതുവരെ നാലായിരത്തിലേറെ പേരെ സൈന്യം രക്ഷപെടുത്തി. അഞ്ഞൂറോളം പേരെ ഇനിയും രക്ഷപെടുത്താനുണ്ടെന്നാണ് വിവരം. മണ്ണിടിച്ചിലിൻറെ പശ്ചാത്തലത്തിൽ കേദാർനാഥ് യാത്ര താത്കാലികമായി റദ്ദാക്കിയിരിക്കുകയാണ്. ഉത്തരാഖണ്ഡ് ദുരന്ത സാഹചര്യം പ്രധാനമന്ത്രി നരേന്ദ്ര മോദി വിലയിരുത്തി.

## MEA - PREZ VISIT

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപതി മുർമു തിങ്കളാഴ്ച ഫിജിയിലേക്ക് യാത്ര തിരിക്കും. ഈ മാസം 10 വരെ ഫിജി, ന്യൂസിലാൻഡ്, തിമോർ-ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ഏഷ്യ പസിഫിക് മേഖലയ്ക്കായുള്ള ആക്ട് ഈസ്റ്റ് നയത്തിന്റെ ഭാഗമാണ് ഈ രാജ്യങ്ങൾ. സന്ദർശന വേളയിൽ രാഷ്ട്രപതി, ഫിജിയൻ പ്രസിഡൻറ്, പ്രധാനമന്ത്രി എന്നിവരുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. ഫിജിയൻ പാർലമെൻ്റിനെ അഭിസംബോധന ചെയ്യുന്ന ശ്രീമതി മുർമു ഇന്ത്യൻ സമൂഹവുമായി സംവദിക്കും. പര്യടനത്തിൻറെ രണ്ടാം പാദത്തിൽ ന്യൂസിലന്റിലെത്തുന്ന രാഷ്ട്രപതി വെല്ലിംഗ്ടണിൽ നടക്കുന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെ അഭിസംബോധന ചെയ്യും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ, രാഷ്ട്രപതി തിമോർ-ലെസ്റ്റെ യിലെത്തി പ്രസിഡൻറ്, പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

*************************

## OLYMPICS

പാരീസ് ഒളിമ്പിക്സ് ഷൂട്ടിങ്ങിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ മനു ഭാക്കർ ഫൈനൽ യോഗ്യത നേടി. അമ്പെയ്ത്ത് മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ അങ്കിത - ധീരജ് സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. പുരുഷ ഹോക്കിയിൽ, ഇന്ത്യ - ഓസ്ട്രേലിയയെ 3 -2 ന് പരാജയപ്പെടുത്തി. ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ക്വാർട്ടർ ഫൈനലിൽ ഇന്ന് ലക്ഷ്യ സെൻ ചൈനീസ് താരത്തെ നേരിടും.

*************************

## CRICKET

കൊളംബോയിൽ നടക്കുന്ന ഇന്ത്യ - ശ്രീലങ്ക ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 231 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ശ്രീലങ്ക നിശ്ചിത ഓവറിൽ

എട്ടു വിക്കറ്റ് നഷ്ടത്തിൽ 230 റൺസെടുത്തു. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

**************************

## ISRAEL-IRANIAN

ഇറാനിൽ നിന്നുള്ള ആക്രമണ സാധ്യത കണക്കിലെടുത്ത് ജാഗ്രത ശക്തമാക്കി ഇസ്രായേൽ. ഹമാസ് തലവൻ ഇസ്മയിൽ ഹനിയ്യയും ഹിസ്ബുള്ളയുടെ മുതിർന്ന കമ്മാൻഡർ ഫുആദ് ഷുക്കറും കൊല്ലപ്പെട്ടതിൻറെ പശ്ചാത്തലത്തിലാണ് നീക്കം. ഇറാനുമായി അടുപ്പമുള്ള ഹിസ്ബുല്ല, ഹൂതി, സിറിയയിലെയും ഇറാഖിലെയും സായുധ സംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ആക്രമണം ഏകോപിപ്പിക്കപ്പെടുമെന്നാണ് ഇസ്രായേൽ രഹസ്യാന്വേഷണ വിഭാഗത്തിന്റെ വിലയിരുത്തൽ. മേഖലയിൽ അമേരിക്ക സൈനിക സാന്നിധ്യം വർധിപ്പിച്ചതോടെ ആഗോള രാഷ്ട്രങ്ങൾ സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണ്.

**************************

## AIR INDIA FLIGHTS

മധ്യേഷ്യയിലെ സംഘർഷ സാഹചര്യം മുൻനിർത്തി ഈ മാസം 8 വരെ ഇസ്രായേലിലെ ടെൽ അവീവിലേക്കും തിരിച്ചുമുള്ള എല്ലാ വിമാന സർവീസുകളും റദ്ദാക്കി എയർ ഇന്ത്യ. യാത്രക്കാരുടെയും ജീവനക്കാരുടെയും സുരക്ഷ പരിഗണിച്ചാണ് തീരുമാനം. ഈ കാലയളവിൽ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള യാത്രക്കാർക്ക് ഒറ്റത്തവണ ഇളവോടെ ടിക്കറ്റ് മറ്റൊരു ദിവസത്തേക്ക് മാറ്റുകയോ റദ്ദാക്കുകയോട് ചെയ്യാമെന്ന് എയർ ഇന്ത്യ അറിയിച്ചു.

**************************

## SAUDI-US

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ സംബന്ധിച്ച് സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദും യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻറണി ബ്ലിങ്കനും ഫോണിൽ ചർച്ച നടത്തി. ഗാസയിൽ വെടിനിർത്തൽ സാധ്യമാക്കേണ്ടതിന്റെ പ്രാധാന്യം ഇരുവരും ചർച്ച ചെയ്തു. ഇറാൻ പ്രസിഡന്റിന്റെ സത്യപ്രതിജ്ഞയിൽ പങ്കെടുത്ത ഹമാസ് പൊളിറ്റ് ബ്യൂറോ നേതാവിന്റെ കൊലപാതകത്തെ തുടർന്ന് ഇറാനും ഇസ്രയേലും തമ്മിൽ നിലനിൽക്കുന്ന സംഘർഷ സാധ്യതയും ചർച്ചയായി.

*************************

## PARLIAMENT

പാർലമെന്റിന്റെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. കാർഷിക കർഷക ക്ഷേമ മന്ത്രാലയത്തിൻറെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ചക്ക് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ രാജ്യസഭയിൽ മറുപടി നൽകി. കേന്ദ്ര ആരോഗ്യമന്ത്രാലയവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയിലുള്ള ചർച്ച ലോക്സഭയിൽ നടന്നു. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടെന്നും രാജ്യത്ത് മെഡിക്കൽ കോളേജുകളുടെ എണ്ണം വർധിച്ചതായും ബി ജെ പി അംഗം സഞ്ജയ് ജയ്സ്വാൾ പറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു ആരോഗ്യ മേഖലക്ക് വേണ്ടത്ര ബജറ്റ് വിഹിതമില്ലെന്ന് പ്രതിപക്ഷ അംഗങ്ങൾ വിമർശനം ഉന്നയിച്ചു. സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും.

*************************

****************

*********